DESPATCHED On..05/03/2020

10/02/2020

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം_695 001**

**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.500(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.5665/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ജേക്കബ് തോമസ്,
വടക്കേടത്ത്, പാലപ്ര,
വേങ്ങത്താനം പി.ഒ.,
കോട്ടയം – 686 512. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്,
ഗവൺമെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09/03/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20/04/2015, 22/05/2015 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 13/04/2015 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 16/04/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12/05/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/05/2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 07/02/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ജേക്കബ് തോമസ്, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി യാതൊരു വിവരവും മറുപടിയും ലഭ്യമാക്കിയിട്ടില്ല എന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ബഹു. കേരള ഹൈക്കോടതി 1997 ഏപ്രിൽ മാസം 4–ാം തീയതി ഒ.പി. നം.18175/1996എൽ എന്ന കേസ്സിൽ പുറപ്പെടുവിച്ച വിധിയുടെ ലംഘനമല്ലേ

21.8.2013-ലെ പാറത്തോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ രണ്ടാം നമ്പർ തീരുമാനം എന്നും

ii. മേൽപ്പടി കമ്മിറ്റി തീരുമാനത്തിന് നിയമപരമായ പിൻബലമുണ്ടോ എന്നും

iii. മേൽപ്പടി കമ്മിറ്റി തീരുമാനം തദ്ദേശ ഭരണ വകുപ്പ് ജി.ഒ(പി) നം.220/97 എൽ.എ.ഡി. ഉത്തരവിന്റെ ലംഘനമല്ലേ എന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ഹർജിക്കാരന്റെ അപേക്ഷ എൽ.എസ്.ജി.ഡി. (പി.എസ്) വകുപ്പിൽ ആദ്യം ലഭിച്ചിരുന്നതായും ആയത് പിന്നീട് എൽ.എസ്.ജി.ഡി (ഡി.എ) വകുപ്പിന് കൈമാറിയതായും തുടർന്ന് മേൽപ്പടി അപേക്ഷ 19.3.2015 തീയതി എൽ.എസ്.ജി.ഡി. (പി.എസ്.) വകുപ്പിന് കൈമാറിയതായും കാണുന്നു. മേൽപ്പടി അപേക്ഷ കൈപ്പറ്റിയ ഡി.എ. വകുപ്പ് ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പാറത്തോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതാകയാൽ മേൽപ്പടി ഗ്രാമപഞ്ചായത്തിലെയും കോട്ടയം ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് കാര്യാലയത്തിലെയും എസ്.പി.ഐ.ഒ.മാർക്ക് ഹർജിക്കാരന്റെ അപേക്ഷ കൈമാറി അക്കാര്യം ഹർജിക്കാരനെ അറിയിച്ചതായി കാണുന്നു.

3. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ പാറത്തോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതാകയാൽ മേൽപ്പടി അപേക്ഷയുടെ പകർപ്പ് പാറത്തോട് ഗ്രാമപഞ്ചായത്ത് ഓഫീസിലെ എസ്.പി.ഐ.ഒ.യ്ക്കും കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയത്തിലെ എസ്.പി.ഐ.ഒ.യ്ക്കും അയച്ചു നൽകിയിരുന്നതായി കാണുന്നു. അക്കാര്യം ഹർജിക്കാരനെ 20.4.2015 തീയതി അറിയിച്ചിരുന്നതായും കാണുന്നു. ഹർജിക്കാരൻ പാറത്തോട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ജലസംഭരണ വിതരണം സംബന്ധിച്ച് നിരവധി വിവരാവകാശ അപേക്ഷകൾ പാറത്തോട് ഗ്രാമപഞ്ചായത്തിലും തദ്ദേശ സ്വയംഭരണ വകുപ്പിലും സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. മേൽപ്പടി അപേക്ഷകളിൽ ഹർജിക്കാരൻ ജലസംഭരണിയുമായി ബന്ധപ്പെട്ട വിവരങ്ങൾ തന്നെയാണ് ആവശ്യപ്പെട്ടിരുന്നത് എന്നും കാണുന്നു. സി.പി.500(6)/15/എസ്.ഐ.സി. ആയി കമ്മീഷൻ സ്വീകരിച്ച പരാതിഹർജി പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് നിയമവ്യാഖ്യാനവും വിശദീകരണവും അഭിപ്രായപ്രകടനവുമൊക്കെയാണെന്ന് കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 2(എഫ്) വകുപ്പിൽ നിർവചിച്ചിട്ടുള്ള 'വിവരം' എന്നതിന്റെ പരിധിയിൽ വരുന്നതല്ല എന്നും കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 10-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

RIGHT TO INFORMATION